**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6220** **10-11-2021 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ റോഡ് നവീകരണപ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിലെ സ്വാമിമുക്ക്-പുത്തൂർ-പെരളം-വെള്ളൂർ ആലിൻ കീഴിൽ റോഡ്, പയ്യന്നൂർ-അന്നൂർ-കാറമേൽ റോഡ് എന്നിവയുടെ നവീകരണ പ്രവൃത്തി പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (എ) | സ്വാമിമുക്ക് - പുത്തൂർ - കിഴക്കേക്കര - പടിഞ്ഞാറെക്കര - ആലിൻകീഴിൽ റോഡിന്റെ കി.മീ 0/000 മുതൽ 10/200 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയുടെ കരാറുടമ്പടി പ്രകാരം 09.07.2019-നാണ് പ്രവൃത്തി പൂർത്തികരിക്കേണ്ടിയിരുന്നത്. റോഡ് വികസന കമ്മിറ്റിയുടെ നേതൃത്വത്തിൽ ആവശ്യമായ വീതിയിൽ സ്ഥലം ലഭ്യമാക്കിക്കൊണ്ടാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. സ്ഥലം ലഭിക്കാനുള്ള കാല താമസം, ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിലുള്ള കാലതാമസം, ശക്തമായ കാലവർഷം എന്നിവമൂലം പ്രവൃത്തി സമയത്ത് പൂർത്തിയാക്കാൻ സാധിക്കാതെ വരികയും പൂർത്തീകരണ കാലാവധി നീട്ടി നൽകുകയുമുണ്ടായി. തുടർന്നുണ്ടായ കോവിഡ് മഹാമാരിയും ക്വാറി/ ക്രഷറുകൾ അടച്ചതുമൂലം മെറ്റീരിയലുകൾ ലഭിക്കാതെ വന്നതും പ്രവൃത്തിയുടെ പുരോഗതിയെ സാരമായി ബാധിച്ചു. ആകെയുള്ള 10.200 കി.മീ. നീളത്തിൽ മെക്കാഡം ടാറിംഗ് (BM) നേരത്തെ പൂർത്തികരിച്ചതാണ്. ഇക്കഴിഞ്ഞ സീസണിൽ 4.500 കി.മീ. നീളത്തിൽ ബിറ്റുമിനസ് കോൺക്രീറ്റ് (BC) പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി വരുന്ന പ്രവൃത്തികളിൽ ഓവുചാൽ നിർമ്മാണവും സംരക്ഷണ ഭിത്തി നിർമ്മാണവും പൂർത്തീകരണ ഘട്ടത്തിലാണ്. 5.700 കിലോമീറ്ററിൽ ബി.സി-യും റോഡ് സുരക്ഷാ ക്രമീകരണങ്ങളും നടപ്പിലാക്കാൻ ബാക്കിയുണ്ട്. നിലവിൽ റോഡ് ഗതാഗതത്തിനു യാതൊരു തടസ്സവുമില്ല. പ്രവൃത്തിയുടെ കാലാവധി പിഴയോടുകൂടി 31.12.2021 വരെ ദീർഘിപ്പിക്കുന്നതിനു ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. അന്നൂർ - വെള്ളൂർ റോഡിന്റെ കി.മീ 2/200 മുതൽ 7/000 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തിയാണ് 'പയ്യന്നൂർ - അന്നൂർ - വെള്ളൂർ |

| | | | |
|---|---|---|---|
| | | | റോഡ് കി.മീ 2/200 മുതൽ 7/000 വരെ' എന്ന പ്രവൃത്തി. നിലവിൽ റോഡിന്റെ ROW 7 മുതൽ 9 വരെയും ടാറിംഗ് 4 മുതൽ 5.50 മീറ്റർ വരെയും ആയിരുന്നു ഉണ്ടായിരുന്നത്. റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ROW 10 മീറ്റർ ആയും ക്യാരേജ്‌വേ 5.50 മീറ്റർ ആയും വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. റോഡ് വികസനത്തിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് ജനകീയ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. റോഡ് നിലവിൽ മെക്കാഡം ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. ഓവുചാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഇനിയും കണ്ടെത്തേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങൾ റോഡ് വികസന കമ്മിറ്റി തുടരുകയാണ്. സ്ഥലം ലഭ്യമായാൽ മാത്രമേ ഓവുചാൽ പ്രവൃത്തിയും മറ്റ് അനുബന്ധ പ്രവൃത്തികളും നടപ്പിലാക്കി റോഡ് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. 2021 ഡിസംബർ 31 വരെയാണ് സമയ പരിധി ദീർഘിപ്പിക്കുവാനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അതിനുള്ളിൽ സ്ഥലം ലഭ്യമാകുകയാണെങ്കിൽ പ്രവൃത്തി 2021 ഡിസംബർ 31-നോടു കൂടി തന്നെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ